# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4047</u> — <u>03.02.2014-ലെ മറുപടിക്ക്</u>

## <u>മെഡിക്കൽ കോളേജുകളിൽ മിനി കാൻസർ സെന്ററുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളിൽ മിനി കാൻസർ സെന്ററുകൾ തുടങ്ങുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചും നിലവിലുള്ള സൗകര്യം വർദ്ധിപ്പിച്ച് മിനി ആർ.സി.സി. ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) ലീനിയർ ആക്സിലറേറ്റർ ഉൾപ്പെടെയുള്ള ആധുനിക കാൻസർ ചികിത്സ ഉപകരണങ്ങൾ സ്ഥാപിക്കുകയും നിലവിൽ ലഭ്യമായ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയേഷൻ ഫിസിക്സ്, റേഡിയോ തെറാപ്പി, ന്യൂക്ലിയർ മെഡിസിൻ എന്നീ വിഭാഗങ്ങളെ സംയോജിപ്പിച്ച് ടെർഷ്യറി കാൻസർ കെയർ സൗകര്യം ലഭ്യമാക്കാനാണ് പ്രസ്തുത പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത കാൻസർ സെന്ററുകൾ തുടങ്ങുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിക്ക് സംസ്ഥാന വിഹിതമായ 7 കോടി രൂപയും കൂടാതെ കേന്ദ്ര സഹായവും ലഭിക്കുന്നതുണ്ട്. |

സെക്ഷൻ ഓഫീസർ